# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മീഞ്ച ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/161/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 09/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മീഞ്ച ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/161/22 തീയ്യതി: 09/03/2022

## കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ ടി. എൻ. | ഡെപ്യൂട്ടി ഡയരക്ടർ | 07-02-2022 | 14-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 14-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസർ
ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ബാബു ,അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷംഷാദ് ഷുക്കൂർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. അജയകുമാർ.എം.വി | സെക്രട്ടറി | 01-04-2019 | 03-04-2019 |
| ശ്രീ. ജോയ് തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-04-2019 | 24-04-2019 |
| ശ്രീ. അജയകുമാർ.എം.വി | സെക്രട്ടറി | 25-04-2019 | 09-06-2019 |
| ശ്രീ. ജോയ് തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-06-2019 | 14-07-2019 |
| ശ്രീ. അജയകുമാർ.എം.വി | സെക്രട്ടറി | 15-07-2019 | 20-07-2019 |
| ശ്രീ. ജോയ് തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-07-2019 | 03-01-2020 |
| ശ്രീ. ഷാനവാസ്.എസ്.ഇ | സെക്രട്ടറി | 04-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോയ് തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. തിമ്മക്കുടിയ.ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ.സജ്ജ.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ആശ.എം.പി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. രവീന്ദ്ര.എം | പ്രധാനാധ്യാപകൻ | 01-04-2019 | 31-03-2020 |
| ഡോ. മഞ്ജു.എസ് | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.പ്രഭാകർ.എം | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ.രാജാരാമ.ഡി.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.നമിത.എസ്. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ. സുജിത് കുമാർ.വി. | വി.ഇ.ഒ കടമ്പാർ സർക്കിൾ | 01-04-2019 | 06-09-2019 |
| ശ്രീ. പ്രസൂൺ.എസ്.കെ | വി.ഇ.ഒ കടമ്പാർ സർക്കിൾ | 07-09-2019 | 31-03-2020 |
| ശ്രീ. സുജിത് കുമാർ.വി. | വി.ഇ.ഒ മീഞ്ച സർക്കിൾ-ഇൻ-ചാർജ് | 01-04-2019 | 06-09-2019 |
| ശ്രീ. പ്രസൂൺ.എസ്.കെ | വി.ഇ.ഒ മീഞ്ച സർക്കിൾ-ഇൻ-ചാർജ് | 07-09-2019 | 04-12-2019 |

| | | | |
|---|---|---|---|
| ശ്രീ.ബൈജു.കെ | വി.ഇ.ഒ മീഞ്ച സർക്കിൾ | 05-12-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 09-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-2 |
| 3 | പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Jayananda. H (Audit Officer, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-2-1 |
| 4 | ടെണ്ടർ ഫോം / ഷെഡ്യൂൾ വിൽപ്പന - രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല<br>Written By: Jayananda. H (Audit Officer, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-2-2 |
| 5 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-2-3 |
| 6 | വാർഷിക കണക്കുകളിലെ പൊതു അപാകതകൾ<br>Written By: Jayananda. H (Audit Officer, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-2-4 |
| 7 | കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-2-5 |
| 8 | പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാത്ത പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-2-6 |
| 9 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 08-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-3 |
| 10 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Jayananda. H (Audit Officer, On 10-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-4 |
| 11 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 10-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babu M (Senior Grade Auditor, On 08-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-6 |
| 13 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.<br>Written By: Janardanan C (Senior Grade Auditor, On 10-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Senior Grade Auditor, On 08-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-9 |

| | | |
|---|---|---|
| 16 | മറ്റ ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 09-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-10 |
| 17 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 17-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-11 |
| 18 | തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 17-02-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 17-02-2022) | 1-12 |
| 19 | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 17-02-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 17-02-2022) | 1-13 |
| 20 | ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 17-02-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 17-02-2022) | 1-14 |
| 21 | കെട്ടിട നിർമ്മാണത്തിന് അനുമതി നല്കൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത<br>Written By: Janardanan C (Senior Grade Auditor, On 17-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-15 |
| 22 | പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-16 |
| 23 | സാന്ത്വന പരിചരണം പദ്ധതി നടത്തിപ്പിലെ അപാകത 1,46,450 രൂപ തടസ്സപ്പെടുത്തുന്നു..<br>Written By: Babu M (Senior Grade Auditor, On 15-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-17 |
| 24 | പദ്ധതി ചെലവുകൾ സംബന്ധിച്ച യു.ടി ആർ .സ്റ്റേറ്റ്മെന്റുകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.<br>Written By: Babu M (Senior Grade Auditor, On 16-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-18 |
| 25 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-19 |
| 26 | പഞ്ചായത്ത് വിഹിതം & സാമൂഹ്യ സുരക്ഷാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ -<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-20 |
| 27 | തെരുവു വിളക്കുകൾ സ്ഥാപിക്കൽ - അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-02-2022)<br>Last Updated By: Jayananda. H (Audit Officer, On 23-02-2022) | 1-21 |
| 28 | ദുരിതാശ്വാസ നിധി പ്രവർത്തനമില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-22 |
| 29 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല.<br>Written By: Gopalakrishna Nayik (Audit Officer, On 17-02-2022)<br>Last Updated By: Jayananda. H (Audit Officer, On 23-02-2022) | 1-23 |

| | | |
|---|---|---|
| 30 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-24 |
| 31 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-25 |
| 32 | നിർമ്മാണ പ്രവൃത്തി പൂർത്തികരിച്ചിട്ടും ഉപയോഗ ശൂന്യമായി കിടക്കുന്ന കെട്ടിടങ്ങൾ<br>Written By: Gopalakrishna Nayik (Audit Officer, On 17-02-2022)<br>Last Updated By: Jayananda. H (Audit Officer, On 23-02-2022) | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 08-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 09-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 08-02-2022)<br>Last Updated By: Jayananda. H (Audit Officer, On 08-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 08-02-2022)<br>Last Updated By: Jayananda. H (Audit Officer, On 08-02-2022) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 08-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 08-02-2022)<br>Last Updated By: Jayananda. H (Audit Officer, On 09-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 09-02-2022)<br>Last Updated By: Jayananda. H (Audit Officer, On 09-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 07-02-2022)<br>Last Updated By: Jayananda. H (Audit Officer, On 07-02-2022) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 07-02-2022)<br>Last Updated By: Jayananda. H (Audit Officer, On 07-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 08-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayananda. H (Audit Officer, On 07-02-2022) | 4-11 |

| | | |
|---|---|---|
| | Last Updated By: T.N.Ajithan (Deputy Director, On 19-02-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | 31.03.2020 ലെ ബാലൻസ് ഷീറ്റ് |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1/ തീയതി 13-02-2019 | 20/20 തീയതി 27-02-2020 |
| മുന്നിരിപ്പ് | 7,91,540.36 | 1,24,05,294 |
| വരവ് | 11,80,01,675.00 | 16,83,65,389 |
| ആകെ | 11,87,93,215.36 | 18,07,70,683 |
| ചെലവ് | 11,78,48,475.00 | 16,94,90,914 |
| നീക്കിയിരിപ്പ് | 9,44,740.36 | 1,12,79,769 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

മീഞ്ച ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280100101-പ്രയർ പിരീഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹3,76,686/- ചെലവായി രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണവും ആയതിന് ആധാരമായ രേഖയും ഹാജരാക്കിയിട്ടില്ല.

### 1-2-2 ടെണ്ടർ ഫോം / ഷെഡ്യൂൾ വിൽപ്പന - രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല

ടെണ്ടർ ഫോം / ഷെഡ്യൂൾ വിൽപ്പന രജിസ്റ്റർ - ടെണ്ടർ ഫോറങ്ങളുടെയും ഷെഡ്യൂളുകളുടെയും വിൽപ്പനയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടെണ്ടർ ഫോറങ്ങളുടെ വിൽപ്പനയിലൂടെ ലഭിച്ച വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-2-3 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

### 1-2-4 വാർഷിക കണക്കുകളിലെ പൊതു അപാകതകൾ

1.റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
2.കാഷ് ബുക്ക്, ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
3.അഡ്വാൻസ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-2-5 കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷം അവസാനം പാസ്സാകാത്ത ട്രഷറി ബില്ലുകൾ ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

1-2-6 പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാത്ത പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള എം.എൻ.ആർ.ഇ.ജി.എ., ബി.ആർ.ജി.എഫ്., ടോട്ടൽ സാനിറ്റേഷൻ, ഐ.സി.ഡി.എസ്. എന്നിവ ഒഴികെയുള്ള ഗ്രാന്റുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതകൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 2,85,63,063.91 |
| വരവ് | 5,54,20,156.00 |
| ആകെ | 8,39,83,219.91 |
| ചെലവ് | 4,95,59,502.00 |
| നീക്കിയിരിപ്പ് | 3,44,23,717.91 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2019-20)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,35,22,632 | 1,35,22,632 | 1,24,48,154 | 10,74,478 | 91.37 |
| വികസനഫണ്ട് എസ്.സി.പി. | 0 | 35,01,000 | 35,01,000 | 12,37,305 | 22,63,695 | 35.34 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 8,49,000 | 8,49,000 | 2,52,731 | 5,96,269 | 29.76 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 46,47,000 | 46,47,000 | 10,06,008 | 36,40,992 | 21.64 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 39,19,000 | 39,19,000 | 12,94,083 | 26,24,917 | 33.02 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,03,37,548 | 1,03,37,548 | 40,65,978 | 62,71,570 | 39.33 |

1) വികസനഫണ്ട്-ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 10,58,824/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ നാല് ബില്ലുകളിലായി 11,08,923/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

2) വികസനഫണ്ട് എസ്.സി.പി.-പട്ടികയിലെ ചെലവ് തുക കൂടാതെ 1,52,141/- രൂപയുടെ ഒരു ബിൽ ക്യൂ ആയിട്ടുണ്ട്.

3)സംരക്ഷണഗ്രാന്റ് നോൺറോഡ് -പട്ടികയിലെ ചെലവ് തുക കൂടാതെ 3ബില്ലുകളിലായി 3,54,023/- രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

4)ധനകാര്യ കമ്മീഷൻ ഗ്രാന്റ് -പട്ടികയിലെ ചെലവ് തുക കൂടാതെ 11 ബില്ലുകളിലായി 29,65,737/- രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വരവ് | | | |
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 1,13,89,330 | 1,13,89,330 | 1,13,89,330 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 12,37,305 | 12,37,305 | 12,37,305 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 2,52,731 | 2,52,731 | 2,52,731 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 10,06,008 | 10,06,008 | 10,06,008 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 12,94,083 | 12,94,083 | 12,94,083 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 40,65,978 | 40,65,978 | 40,65,978 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | | 14,160 | 14,160 | 14,160 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 0 | 3,00,000 | 3,00,000 | 3,00,000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 2,24,000 | 2,24,000 | 2,24,000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 45,15,138 | 97,71,473 | 1,42,86,611 | 86,12,047 | 56,74,564 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 0 | 36,97,050 | 36,97,050 | 36,97,050 | 0 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 0 | 22,50,200 | 22,50,200 | 22,50,200 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 37,313 | 7,81,472 | 8,18,785 | 3,95,466 | 4,23,319 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 0 | 6,07,857 | 6,07,857 | 6,07,857 | 0 |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി | 24,000 | 0 | 24,000 | 0 | 24,000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| വിമുക്തി | 25,000 | 0 | 25,000 | 7800 | 17,200 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 6,20,000 | 0 | 6,20,000 | 0 | 6,20,000 |
| ജലനിധി | 56,83,826 | 1,62,46,973 | 2,19,30,799 | 1,91,98,123 | 27,32,676 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം97,71,473/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2019-20 വർഷം 1,21,62,384/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2019-20 വർഷം 1,03,42,800/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 7,95,99,842 | 80 | 3,73,75,870 | 0 | 87 | 47.90 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 17 | 42,11,812 | 14 | 34,27,921 | 81.38 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 113 | 2,97,85,055 | 38 | 96,89,882 | 32.53 |
| 3 | കൃഷി ഓഫീസർ | 6 | 51,45,849 | 5 | 46,41,982 | 90.20 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (1) | 9 | 2,95,81,578 | 6 | 1,35,61,256 | 45.84 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 33,99,500 | 5 | 29,39,726 | 86.47 |
| 6 | വെറ്ററിനറി സർജ്ജൻ | 5 | 24,38,500 | 4 | 5,33,533 | 21.87 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1,50,000 | 1 | 1,50,000 | 100 |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | 1 | 6,50,000 | 1 | 3,28,117 | 50.47 |
| 9 | പ്രധാനാധ്യാപകൻ | 2 | 12,00,000 | 1 | 10,00,000 | 83.33 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 26,24,048 | 3 | 6,89,953 | 26.29 |
| 11 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 4,13,500 | 2 | 4,13,500 | 100 |
| | ആകെ | 167 | 7,95,99,842 | 80 | 3,73,75,870 | 46.95 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 37,313 | 7,81,472 | 8,18,785 | 3,95,466 | 4,23,319 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,21,62,384 | 1,21,62,384 | 1,21,62,384 | 0 |
| ആകെ | 37,313 | 1,29,43,856 | 1,29,81,169 | 1,25,57,850 | 4,23,319 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 511 പദ്ധതികളുൾപ്പെടുന്ന 15,07,17,112 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 1,21,62,384/- രൂപയുടെ 143 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 34,162 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 109 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 14,160 | 6 |
| കർഷക തൊഴിലാളി പെൻഷൻ | 3,76,200 | 228 |
| വിധവാ പെൻഷൻ | 35,17,800 | 1956 |
| വാർദ്ധക്യകാല പെൻഷൻ | 52,88,400 | 2975 |
| വികലാംഗ പെൻഷൻ | 11,13,600 | 578 |
| അവിവാഹിതകളായ 50 വയസ്സിനു മേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 46,800 | 26 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം | 3,00,000 | 10 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-02-2022 തീയ്യതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1,64,158/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |

| | | |
|---|---|---|
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പി.റ്റി.എസ്. | 1 |

ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദീകരിച്ചുകൊണ്ടുള്ള വിശദമായ ഓഫീസ് ഉത്തരവുകൾ, ഉത്തരവ് നം.എ2/1871/2017/എസ്.സി2 തി.28.04.2017 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇവയോടനുബന്ധിച്ച് തുടർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 20 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 11 തവണ ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുന്നില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയ ബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാനുവൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽ വരുത്തുകയും ചെയ്തുവരുന്നുണ്ട്. സാംഖ്യ രസീതികൾക്കും റസീറ്റു ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ / വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും

ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

വരവിനങ്ങളെല്ലാം ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ്. ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട് . ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മൂന്ന തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റികൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പു പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-11-2021 | 02/21 മുതൽ 10/21 വരെ | 02-12-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-09-2018 മുതൽ 09-10-2018 വരെ | 2013-14 മുതൽ 2017-18വരെ | 22-11-2018 |

1-11 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കു വരുത്തിയ 92,172/- രൂപയുടെ 1% തുകയായ 922/- രൂപ മേൽ പ്രകാരം തുക മുതൽ കൂട്ടിയിട്ടില്ല. കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന 6 റേഷൻ കടകളിൽ നിന്നും 2019-20 രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻ

കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിലുള്ള ഒരു സ്ഥലവും സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ യാതൊരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല.1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ , ചട്ടം 3, പട്ടിക 1(ക്രമ നം 149) പ്രകാരം റേഷൻ കടകൾ FTE & OS ലൈസൻസ് എടുത്ത ശേഷം മാത്രമേ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ മീഞ്ച പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 6 റേഷൻ കടകൾ നാളിതു വരെയായി ലൈസൻസ് എടുത്തിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ 216 ലൈസൻസ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള മുഴവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-15 കെട്ടിട നിർമ്മാണത്തിന് അനുമതി നല്കൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസസ്സ് മെൻറ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രൊഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിട നമ്പർ നല്കിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നല്കി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്കു ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ വഴി പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-16 പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2019-20 വർഷത്തിൽ വെറ്റിനറി സർജൻ 5,33,533/- രൂപയുടെ വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട്

നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വ്യക്തിഗത അപേക്ഷകളിൽ ഭരണ സമിതി തീരുമാനങ്ങൾ , നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നടപ്പിലാക്കിയ പദ്ധതി നം & പദ്ധതിയുടെ പേര്

| ക്രമ നമ്പർ | പദ്ധതി നം & പദ്ധതിയുടെ പേർ | ബിൽ നം & രിയതി | NEFT മുഖാന്തിരം നൽകിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 0039/20 മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ | 85/14.10.2019 | 50,000 | - |
| 2 | 0040/20 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 103/01.01.2020 | 1,70,033 | 98 |
| 4 | 0041/20 മൃഗാശുപത്രിക്ക് പ്രിന്റർ വാങ്ങൽ | 88/19.11.2019 | 13,000 | - |
| 5 | 0057/20 പശു വാങ്ങലിന് സബ്സിഡി | 112/21.01.2020 | 3,00000 | 15 |

വ്യക്തിഗത അപേക്ഷകളിൽ ഭരണ സമിതി തീരുമാനങ്ങൾ , പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് നം 0057/20 - പശു വാങ്ങലിന് സബ്സിഡി പ്രകാരം ദേവദാസ് ഷെട്ടി, ഇലിയാസ് എം.കെ എന്നിവരുടെ ഇൻഷുറൻസ് ഒടുക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-17 സാന്ത്വന പരിചരണം പദ്ധതി നടത്തിപ്പിലെ അപാകത 1,46,450 രൂപ തടസ്സപ്പെടുത്തുന്നു..

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ - (പി.എച്ച് സി.) സാന്ത്വന പരിചരണം പദ്ധതി നടപ്പിലാക്കുന്നതിനായി 3,28,117/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | |
| പ്രൊജക്ട് നമ്പർ | 0088 / 2019-20 | |
| പ്രൊജക്ടിന്റെ പേര് | സാന്ത്വന പരിചരണം | |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ ) | |
| അടങ്കൽ തുക | 5,50,000 രൂപ | |
| ചെലവ് തുക | 3,28,117/- രൂപ | |
| ബിൽ നമ്പർ/തിയ്യതി | ചെലവ് തുക | |
| 1/ 2019-20തി 28.12.2019 | 1,43,362 രൂപ | ( വാഹന വാടക = 63,500 രൂപ<br>+ നേഴ്സസ് ചാർജ്ജ് = 79,862 രൂപ) |
| 3/2019-20തി:09.03.2020 | 49,450 രൂപ | (വാഹന വാടക = 16,800 രൂപ<br>നേഴ്സസ് ചാർജ്ജ് = 32,650 രൂപ ) |

| | | |
|---|---|---|
| 5/2019-20തി 30.03.2020 | 49,964 രൂപ | ( വാഹന വാടക = 16,800 രൂപ നേഴ്സസ് ചാർജ്ജ് = 33,164രൂപ ) |
| 6/ 2019-20 തി 31.03.2020 | 49,760 രൂപ | ( വാഹന വാടക = 33,600 രൂപ നേഴ്സസ് ചാർജ്ജ് = 16,160രൂപ ) |
| 7/ 2019-20തി 31.03.2020 | 35,581 രൂപ | (വാഹന വാടക = 15,750 രൂപ നേഴ്സസ് ചാർജ്ജ് = 19,831 രൂപ ) |
| ആകെ | 3,28,117 രൂപ | (വാഹന വാടക = 1,46,450 രൂപ നേഴ്സസ് ചാർജ്ജ് = 1,81,667 രൂപ ) |

പദ്ധതി നടപ്പിലാക്കുന്നതിനായി , പഞ്ചായത്ത് പാലിയേറ്റീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം, ഹോം കെയർ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് ജീപ്പ്, ഓംനി എന്നീ വാഹന ഉടമകളിൽ നിന്ന് ദിവസ വാടകയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. 2019-20 വർഷത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹോം കെയർ പ്രവർത്തനങ്ങൾക്ക് വാഹനം ഉപയോഗിക്കുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചത്. ലഭ്യമായ ക്വട്ടേഷൻ പ്രകാരം , കുറഞ്ഞ വാടക ക്വാട്ട് ചെയ്ത, ബാലകൃഷ്ണൻ. ബി , S/O അണ്ണ മൂല്യ , ബോലന്തകോടി (H) , കോളിയൂർ (P.O) എന്നവരുടെ KL-14 S-4251 വാഹനം, ദിവസം 1050/- രൂപ ദിവസ വാടകയ്ക്ക് തെരഞ്ഞെടുത്തിരുന്നു. 17.06.2019 ൽ മെഡിക്കൽ ഓഫീസറുമായി വാഹന ഉടമ എന്നവകാശപ്പെട്ട ബാലകൃഷ്ണൻ. ബി , S/O അണ്ണ മൂല്യ , ബോലന്തകോടി (H) ,കോളിയൂർ (പി.ഒ.) എന്നവർ എഗ്രീമെൻറ് ഒപ്പ് വെച്ചിട്ടുണ്ട്. എഗ്രീമെൻറ് പ്രകാരം KL-14 S-4251 നമ്പർ വാഹനമാണ് ( MARUTHI PEARL BLUE 2016 MODEL) 2019-20 സാമ്പത്തീക വർഷത്തിലേക്ക് തെരഞ്ഞടുത്തിട്ടുള്ളത്. വാഹനത്തിന്റെ രേഖകൾ പരിശോധിച്ചതിൽ, വാഹനത്തിന്റെ യഥാർത്ഥ ഉടമ ,ദിനേശ, S/O മാങ്ക മൂല്യ, ഇഡിയാല (H) , കുഡുപ്പദവ് എന്നവരാണ്. എന്നാൽ ട്രിപ്പ് ഷീറ്റ് പ്രകാരം 01.04.2019 മുതൽ 31.03.2020 വരെ, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹോം കെയർ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിച്ചിരിക്കുന്നത് KL-13 U-8946 എന്ന പ്രൈവറ്റ് വാഹനമാണ്.

വാഹനത്തിന്റെ യഥാർത്ഥ രേഖകൾ പരിശോധിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ കരാറിൽ ഏർപ്പെട്ടിരിക്കുന്നത്.ക്വട്ടേഷൻ പ്രകാരം അംഗീകരിച്ച വാഹനത്തിനു പകരം KL-13 U-8946 എന്ന പ്രൈവറ്റ് വാഹനമാണ് ഹോം കെയർ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിച്ചിരിക്കുന്നത്. ക്വട്ടേഷൻ അംഗീകരിച്ചതുമായി ബന്ധപ്പെട്ട പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ വാഹന വാടക ഇനത്തിൽ ആകെ 1,46,450/- രൂപയും (A/C NO: 210601011001432) നേഴ്സസ് ചാർജ്ജ് ഇനത്തിൽ ആകെ 1,81,667 രൂപയും (A/C NO: 210601011001434) (1,46,450 + 1,81,667 = 3,28,117) ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകളിലെ അപാകതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 02/ 2019-20 തിയ്യതി 11.02.2022 ). ആയതിനാൽ ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതുവരെ വാഹന വാടക ഇനത്തിൽ ചെലവഴിച്ച 1,46,450/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 പദ്ധതി ചെലവുകൾ സംബന്ധിച്ച യു.ടി ആർ .സ്റ്റേറ്റ്മെന്റുകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2019-20 വർഷത്തിൽ , പഞ്ചായത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി ചെലവുകളുമായി ബന്ധപ്പെട്ട തുകകൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻഫർ ചെയ്യുന്ന രീതിയാണ് തുടരുന്നത് . തുക യഥാർത്ഥ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തന്നെയാണ് ട്രാൻസ്ഫർ ചെയ്തിരിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനായി ബിംസിൽ ( Bill Information Management System) നിന്നും യു.ടി.ആർ. (Unique Transaction Reference) സ്റ്റേറ്റ്മെൻറ് ഡൗൺലോഡ് ചെയ്ത് ചെലവ്

രേഖകളോടൊപ്പം ഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ചെലവ് രേഖകളോടൊപ്പം യു.ടി.ആർ. (Unique Transaction Reference) സ്റ്റേറ്റ്മെൻറ് ഡൗൺലോഡ് ചെയ്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രൊജക്റ്റ്/പ്രൊജക്റ്റ് നമ്പർ | ബിൽ നമ്പർ/ തിയ്യതി | ചെലവ് തുക തുക | ഫണ്ട് ഇനം |
| 1 | 0121/2019-20 പഠന മുറി (പട്ടിക ജാതി വിഭാഗം) | 1/2019-20/ തിയ്യതി 04.05.2019 | 1,42,334 രൂപ | എസ്.സി.പി. |
| 2 | 0154/2019-20 ലൈഫ് ഭവന പദ്ധതി. | 2/2019-20 തിയ്യതി 18.07.2019 | 8,00,000 രൂപ | വികസന ഫണ്ട് ജനറൽ |
| 3 | 0154/2019-20 ലൈഫ് ഭവന പദ്ധതി. | 3/2019-20 തിയ്യതി 16.10.2019 | 7,20,000 രൂപ | വികസന ഫണ്ട് ജനറൽ |
| 4 | 0154/2019-20 ലൈഫ് ഭവന പദ്ധതി. | 6/2019-20 തിയ്യതി 06.02.2020 | 1,20,000 രൂപ | വികസന ഫണ്ട് ജനറൽ |
| 5 | 0154/2019-20 ലൈഫ് ഭവന പദ്ധതി. | 9/2019-20 തിയ്യതി 12.03.2020 | 28,59,800 രൂപ | വികസന ഫണ്ട് ജനറൽ |

മേൽ ചെലവ് സംബന്ധിച്ച ഫയലുകളിൽ യു.ടി.ആർ. (Unique Transaction Reference) സ്റ്റേറ്റ്മെൻറ് ഉൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്.

1-19 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2019-20 ൽ 1,54,424/- കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമ പഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രയെണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല-. കത്താത്ത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുത ചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 പഞ്ചായത്ത് വിഹിതം & സാമൂഹ്യ സുരക്ഷാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ -

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

2019-20 വർഷത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന തുക പഞ്ചായത്തിന്റെ വിഹിതമായി കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്രോ.നം.0089/2021<br>ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 21/10.02.2020<br>70,520/- | ഐ.കെ.എം.തിരുവനന്തപുരം<br>AC/57047023512 |
| 2 | പ്രോ.നം.0092/2020<br>സാമൂഹ്യ സുരക്ഷാ മിഷന് പഞ്ചായത്ത് വിഹിതം | 6/09.08.2019<br>1,00,000/- | സാമൂഹ്യ സുരക്ഷാ മിഷൻ |

ഇപ്രകാരം കൈമാറിയ തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭിച്ചില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാകുന്നതുവരെ 1,70,520/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി നം 03 /14.02.2022 )

1-21 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0124/20 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3,60,000/- രൂപ (വികസന ഫണ്ട്-) |
| ചെലവ് തുക | 3,57,508/- രൂപ |
| ബിൽ നമ്പർ, തീയതി | 104/20-01.01.2020 |

മേൽ പ്രൊജക്ട് പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. 150 എണ്ണം 24 വോൾട്ട് എൽ.ഇ.ഡി. തെരുവ് വിളക്കുകളാണ് വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നത്. തെരുവ് വിളക്കുകൾ Global Distribution (A/C No 112702000015879) നിന്നും വാങ്ങി സ്ഥാപിക്കുന്നതിന് ഇൻവോയ്സ് നമ്പർ. R002/216/ 19-20 Dt. 24-01-2020 പ്രകാരം 150 എണ്ണം 24 വോൾട്ട് എൽ. ഇ. ഡി. തെരുവ് വിളക്കുകളാണ് വാങ്ങിയത്.

പ്രൊജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ, ഇനം, എണ്ണം Etc.) ഉൾപ്പെടുത്തി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പോസ്റ്റ് നമ്പർ സഹിതമുള്ള വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

3)തെരുവ് വിളക്കുകൾ ഏതൊക്കെ പോസ്റ്റിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്നില്ല. അതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന നടത്തിയിയതിന്റെ മിനുറ്റ്സും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.തെരുവു വിളക്കുകൾ സ്ഥാപിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകുന്നതുവരെ 3,57,508/- രൂപ തടസ്സപ്പെടുത്തുന്നു .(ഓഡിറ്റ് എൻക്വറി നം 03 /14.02.2022 )

## 1-22 ദുരിതാശ്വാസ നിധി പ്രവർത്തനമില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് കേരള ഗ്രാമീണ ബാങ്കിന്റെ മീയപ്പദവ് ശാഖയിൽ ഇതിനായി ഒരു അക്കൗണ്ട് (നം 2023) ആരംഭിച്ചിട്ടുണ്ട്. ഈ സീറോ ബാലൻസ് അക്കൗണ്ടിൽ തുകയൊന്നും തന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയിൽ നിന്നും ആർക്കും ഇതുവരെ ധന സഹായവും നൽകിയിട്ടില്ല. ദുരിതാശ്വാസ നിധി ആരംഭിച്ചതല്ലാതെ, ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല.

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2019-2020 സാമ്പത്തിക വർഷത്തിൽ ഇ -ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 2 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് 5,000/- രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് നം. 0099/20

അംഗൻവാടി പോഷകാഹാരം

ഗ്രാമ പഞ്ചായത്തിലെ 24 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം കീർത്തി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, ബേഡഡുക്ക (അക്കൗണ്ട് നം. 6266020100003240) എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 6,665.5 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 4,89,914.25/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 9/29.12.2021)

1-25 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി. യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | ബിൽ നം & തിയതി | ഈടാ ക്കേണ്ട ജി.എസ്.ടി. | ഈടാ ക്കേണ്ട ആദായ നികുതി |
|---|---|---|---|---|---|---|
| 1 | അട്ടെഗോളി-ആചാരി കോളനി റോഡ് കോൺക്രീറ്റ് | മൂസകലീമ് എച്ച്. | 3,93,660/- | 10/ 4.06.2019 | 7,873 | 3,936 |
| 2 | ഏംഗടിദ്രവ് ഫുട്പാത്ത് കോൺക്രീറ്റ് | മൂസകലീമ് എച്ച്. | 1,94,210 | 09/ 04.06.2019 | ഇല്ല | 1,942 |
| 3 | അറിയംപ്പടി-സുണ്ണാര റോഡ് കോൺക്രീറ്റ് | മൂസ കലീമ് എച്ച്. | 3,90,607 | 140/143/ 29.03.2020 | 7,812 | 3,906 |
| | | | | | 15,685 | 9,784 |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 04 തീയ്യതി :14-02-2022)

1-26 നിർമ്മാണ പ്രവൃത്തി പൂർത്തികരിച്ചിട്ടും ഉപയോഗ ശൂന്യമായി കിടക്കുന്ന കെട്ടിടങ്ങൾ

1.പ്രോജക്ട് നമ്പർ -0122/19-20

പ്രോജക്ടിന്റെ പേര് – കുടുംബശ്രീ വിപണന കേന്ദ്രം

അടങ്കൽ-16 ലക്ഷം രൂപ

നിർവഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

ഫണ്ട് - വികസനഫണ്ട് ജനറൽ

ചെലവഴിച്ച തുക -₹ 10,64,212

ബിൽ നം. 25/ 22-01-2019- തുക ₹4,86,207

ബിൽ നം. 01/ 06-05-2019- തുക ₹5,78,005

2)പ്രോജക്ട് നമ്പർ -0120/19-20

പ്രോജക്ടിന്റെ പേര് – പ്ലാസ്റ്റിക്ക് സംസ്കരണ യൂണിറ്റ്

അടങ്കൽ-15 ലക്ഷം രൂപ

ഫണ്ട്- വികസനഫണ്ട് -സി.എഫ് സി

ചെലവഴിച്ച തുക- ₹ 14,38,868

19/ 31-12-2018- ₹ 6,09,016

03/ 06-05-2019- ₹ 2,93,284

14/ 04-06-2019- ₹ 5,36,568

3.പ്രോജക്ട് നമ്പർ – 0144/19-20

പ്രോജക്ടിന്റെ പേര് -ഷീലോഞ്ച്

അടങ്കൽ-9 ലക്ഷം രൂപ

ഫണ്ട്- ജില്ലാ പഞ്ചായത്ത് വിഹിതം

ചെലവഴിച്ച തുക-₹ 5,95,534

03/ 06-03-2020

പ്രസ്തുതസ്ഥലം പരിശോധന നടത്തിയപ്പോൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ചതായി കണ്ടു. എന്നാൽ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും കെട്ടിടങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. 30,98,614/- രൂപ ചെലവഴിച്ച് പണിതീർത്ത കെട്ടിടങ്ങൾ ഉപയോഗമില്ലാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമല്ല.

കെട്ടിടങ്ങൾ ഓരോന്നിന്റെയും ലക്ഷ്യങ്ങൾക്കനുസരിച്ച് ഉപയോഗ യോഗ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 10-02-2022 & 11-02-2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് &നം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 6,37,500 | 0023/20 നെൽകൃഷിക്ക് കൂലി ചിലവ് | 6,37,500 | 0 |
| | | 2,00,000 | 0098/20 മാനസിക ശാരീ രിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളഷിപ്പ് | 1,99,750 | 250 |
| | | 28,59,800 | 0154/20 ലൈഫ് മിഷൻ ഭവന പദ്ധതി 2019-20 | 28,59,800 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 50,000 | 0098/20 മാനസിക ശാരീ രിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളഷിപ്പ് | 50,000 | 0 |
| | | 24,00,000 | 0154/20 ലൈഫ് മിഷൻ ഭവന പദ്ധതി 2019-20 | 22,00,200 | 1,99,800 |

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) നം. 68/2018/തസ്വഭവ, തിയതി 18.05.2018 & ജി.ഒ.(എം.എസ്) നം.111/2018 തസ്വഭവ,13-08-2018 | 1,64,95,000 | 1,20,55,000 + 44,40,000 (ഈ വർഷം ലഭിച്ചത്) ആകെ = 1,64,95,000 | 10,58,824 | 1,54,36,176 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,59,759 |
| തൻവർഷം നിക്ഷേപിച്ച തുക | 47,579(പലിശ വരവ്) |

| | |
|---|---|
| ആകെ | 6,07,338 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 6,07,338 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി(Renewel) | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മിയാപദവ് സർവ്വീസ് സഹകരണ ബാങ്ക് | 03-01-2020 | 03-01-2020 മുതൽ 03-01-2021 വരെ | 6,07,338 | - |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക നം. | വർഷം | ഖണ്ഡിക നം. | | |
| 2001-02 | 3-7(a) | 2007-08 | 3.66.2 | നോമിനൽ മസ്റ്റർ റോൾ മുഖേന വേതനം നൽകിയതിലെ അപാകതകൾ | തുക തിരികെ ഒടുക്കി. നിലവിൽ നിയമസഭാ സമിതി പരിഗണനയിൽ |
| 2001-02 | 3-7(b) | 2007-08 | 3.66.2 | -ടി- | -ടി- |
| 2001-02 | 3-7(c) | 2007-08 | 3.66.2 | -ടി- | -ടി- |
| 2000-01 | 3(5) | 2007-08 | 3.66.2 | -ടി- | -ടി- |
| 2015-16 | 2-2 | 2016-17 | അധ്യായം -2 അനുബന്ധം-5 | തൊഴിൽ നികുതി | തടസ്സം തുടരുന്നു |

## 4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

1)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

2) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രശീതി | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | നമ്പരും തീയതിയും | തുക | നമ്പർ, തീയതി) | തുക ,(തീയതി) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2014-15 | 3-1,3-5 | വത്സൻ പടിഞ്ഞാറെ പുരയിൽ അസി.എക്സി. എഞ്ചിനിയർ | Ksa5848/splcell /c.sc/c2/2017 Dt.18.7.2017 (സർചാർജ്ജ് നോട്ടീസ്) | 33576 | ₹33576/- 118090-102199 Dt. 10.7.2018 | | | | 33576 | 0 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,54,20,156 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,95,59,502 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,74,478 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,46,450 | ഡോ.പ്രഭാകർ എം, മെഡിക്കൽ ഓഫീസർ അലോപ്പതി |
| 1-20 | 70,520 | ഷാനവാസ് എസ്.ഇ, സെക്രട്ടറി |
| | 100,000 | ജോയ് തോമസ്, സെക്രട്ടറി ഇൻ-ചാർജ് |
| 1-21 | 3,57,508 | ജോയ് തോമസ്,സെക്രട്ടറി ഇൻ-ചാർജ് |
| ആകെ | 6,74,478 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും ഏറ്റവും അവസാനം പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1992-93 To 1994-95 | എൽ.എഫ്.കെ.എസ്.ഡി4/919/12 തി.16.5.2013 | 7 |
| 1996-97 (Exp) | KSA/KSD. 5/1371/2018 (3) തി.29.6.2019 | 14 |
| 1996-97 (Final) | KSA/KSD. 5/1371/2018 (2) തി.29.6.2019 | 1 |
| 1998-99 (P) | KSA/KSD. 5/1371/2018 (5) തി.29.6.2019 | 1 |
| 1998-99 (Final) | KSA/KSD. 5/1371/2018 (6) തി.29.6.2019 | 1 |
| 1999-2000 (Final) | KSA/KSD. 5/1371/2018 (8) തി.29.6.2019 | 2 |
| 2000-2001 (Plan) | KSA/KSD. 5/1371/2018 (9) തി.29.6.2019 | 1 |
| 2000-2001 (Final) | KSA/KSD.5/1371/2018 (10) തി.29.6.2019 | 3 |
| 2001-02 (Plan) | KSA/KSD. 5/1371/2018 (11) തി.29.6.2019 | 1 |
| 2003-04 | KSA/KSD. 5/1371/2018 (14) തി.29.6.2019 | 1 |
| 2004-05 | KSA/KSD. 5/1371/2018 (15) തി.29.6.2019 | 4 |
| 2005-06 | KSA/KSD. 5/1371/2018 (17) തി.29.6.2019 | 1 |
| 2006-07 | KSA/KSD.5/1371/2018 (18) തി.29.6.2019 | 2 |
| 2008-09 | KSA/KSD. 5/102/2018 (17) തി.22.1.2018 | 2 |
| 2009-10 | KSA/KSD. 5/102/2018 (18) തി.22.1.2018 | 3 |
| 2010-11 | KSA.KSD-4/874/13) Dated 09.10.15 | 8 |
| 2011-12 & 2012-13 | KSA.KSD-9/866/2015 Dated 03.12.2015 | 25 |
| 2013-14 | KSA.KSD-9/513/2016 Dated 09.09.2016 | 14 |
| 2014-15 | KSA/KSD.5/102/2018 (19) തി.22.1.2018 | 17 |

| | | |
|---|---|---|
| 2015-16 | KSA.KSD5/1069/2017 Dated 26.03.18 | 17 |
| 2016-2017 | KSA.KSD5/830/2017dated 14.03.18 | 20 |
| 2017-2018 | KSA/KSD. 5/1303/2018 തി.10.12.2018 | 20 |
| 2018-2019 | KSA/KSD. 5/1124/2019 തി.09-12-2019 | 24 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Meenja Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3726378.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 80084.00 |
| 140000000 | Fee & User Charges | I-4(b) | 452250.00 |
| 150000000 | Sale & Hire Charges | I-5(b) | 116787.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 64942472.00 |
| 170000000 | Income from Investments | I-7 | 47579.00 |
| 171000000 | Interest Earned | I-8 | 629605.00 |
| 180000000 | Other Income | I-9 | 120799.00 |
| | Total Income | | 70115954.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7208316.00 |
| 220000000 | Administrative Expenses | I-11(b) | 683374.00 |
| 230000000 | Operations & Maintenance | I-12(b) | 696975.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5162015.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 32688953.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 9697.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 6143657.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 10880960.00 |
| 255000000 | Maintenance Projects | I-14(e) | 2259591.00 |
| | Total Expenditure | | 65734187.00 |
| | Gross Surplus/ Deficit of income over Expenditure | | 4381767.00 |
| 280000000 | Prior Period Item | I-18 | 394243.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3987524.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്.

## അനുബന്ധം-4

## റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

| Meenja Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 28220437.91 |
| Cash | Cash | RP-40(a) | 342626.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 697330.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3200.00 |
| 140000000 | Fees & User Charges | RP-4 | 331850.00 |
| 150000000 | Sale & Hire Charges | RP-5 | 116787.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35504618.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 629605.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9949898.00 |
| 340000000 | Deposits Received | RP-34 | 676629.00 |
| 350000000 | Other Liabilities | RP-36 | 83882.00 |
| | Non Operating | | |
| 330000000 | Secured Loans | RP-32 | 4440000.00 |
| 340000000 | Deposits Received | RP-34 | 124818.00 |
| 350000000 | Other Liabilities | RP-36 | 136978.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2721561.00 |
| 460000000 | Loans, Advances and Deposits | RP-47 | 3000.00 |
| | Grand total | | 83983219.91 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2597557.00 |
| 220000000 | Administrative Expenses | RP-12 | 588539.00 |
| 230000000 | Operations & Maintenance | RP-13 | 395309.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3362121.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20147753.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 9697.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 198109.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 538160.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 2259591.00 |
| 280000000 | Prior Period item | RP-26 | -7348701.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6446968.00 |
| 350000000 | Other Liabilities | RP-36 | 6598061.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 340000000 | Deposits Received | RP-34 | 25025.00 |
| 350000000 | Other Liabilities | RP-36 | 4222241.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 6149291.00 |
| 412000000 | Capital work in Progress | RP-40 | 2534829.00 |
| 460000000 | Loans, Advances and Deposits | RP-47 | 834303.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 34414854.91 |
| Cash | Cash | RP-40(b) | 8863.00 |
| | Grand Total | | 83983219.91 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്.

## അനുബന്ധം-5

## 31.03.2020 ലെ ബാലൻസ് ഷീറ്റ്

| Meenja Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 514943.96 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 39466414.00 |
| | Total Reserve & Surplus | | 39981357.96 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13557032.50 |
| | Total Grants, Contributions for Specific Purposes | | 13557032.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 15436176.00 |
| | Total Loans | | 15436176.00 |
| | Current Liabilities & Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 1275494.00 |
| 350000000 | Other Liabilities | B-9 | 3013026.45 |
| | Total Current Liabilities and Provisions | | 4288520.45 |
| | TOTAL LIABILITIES | | 73263086.91 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 51893276.00 |
| 411000000 | Accumulated Depreciation | B-11 | -17859644.00 |
| 412000000 | Capital Work in Progress | B-11(a) | 3021036.00 |
| | Total Fixed Assets | | 37054668.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 607338.00 |
| | Total Investments | | 607338.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 425317.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 34423717.91 |
| 460000000 | Loans, Advances and Deposits | B-18 | 752046.00 |
| | Total Current Assets, Loans and Advances | | 35601080.91 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 73263086.91 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്.